പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T. 5927

08/07/2013-ൽ മറുപടിയ്ക്ക്

## പച്ചക്കറിവില നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറിക്ക് സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾ ഭാരിച്ച വിലയീടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വിപണിയിൽ പച്ചക്കറികളുടെ വില ചിലയവസരങ്ങളിൽ ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പച്ചക്കറിവില നിയന്ത്രിക്കുന്നതിന് വേണ്ടി ആരംഭിച്ച ഹോർട്ടികോർപ്പ് സ്റ്റാളുകളിൽ കാര്യമായ വിലക്കുറവില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) വിപണിയിൽ പച്ചക്കറിവില ക്രമാതീതമായി ഉയർന്ന അവസരത്തിൽ ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ സബ്സിഡി നിരക്കിൽ പച്ചക്കറികൾ വിൽക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ സ്റ്റാളുകളിലൂടെ 15-30 ശതമാനം വരെ സബ്സിഡി നിരക്കിലാണ് പച്ചക്കറികൾ വില്പന നടത്തുന്നത്. |
| സി) വിലനിലവാരം പോലും പ്രദർശിപ്പിക്കാതെ ചെറുകിട പച്ചക്കറി വ്യാപാരികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നതിനെതിരെ പച്ചക്കറി വിപണിയിൽ ഇടപെടലുകൾ ഉണ്ടാകുന്നതിനുള്ള നടപടി കൈകൊള്ളുമോ? | സി) വിപണിയിൽ പച്ചക്കറികളുടെ വില നിയന്ത്രണാതീതമായി ഉയരുമ്പോൾ കൃഷിവകുപ്പിന്റെ "മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ" പദ്ധതി പ്രകാരം ഹോർട്ടികോർപ്പ്, VFPCK എന്നീ ഏജൻസികളിലൂടെ വിപണി ഇടപെടൽ നടത്തുന്നു.<br>2013 ജൂൺ മാസത്തിൽ പച്ചക്കറിയിനങ്ങൾക്കുണ്ടായിരിക്കുന്ന വില വർദ്ധനവിനു പരിഹാരമായി ഹോർട്ടിക്കോർപ്പ് റീട്ടെയിൽ സ്റ്റാളുകളിലൂടെ 30 ശതമാനം വരെ വില കുറച്ച് വില്പന നടത്തി 'വിപണി ഇടപെടൽ' ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വിപണി ഇടപെടൽ നടത്തുമ്പോൾ ഹോർട്ടിക്കോർപ്പിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി 5 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ